# സമയമനുസരിച്ച് ലക്ഷ്യത്തെയും ലക്ഷണത്തെയും സമാനമാക്കുന്നതിലൂടെ ബാബയ്ക്ക് സമാനമാകൂ

ഇന്ന് നാനാവശത്തുമുള്ള സർവ്വസ്വമാനധാരി കുട്ടികളെയും കണ്ട് ഹർഷിതമായിക്കൊണ്ടിരിക്കുകയാണ്. ഈ സംഗമയുഗത്തിൽ താങ്കൾ കുട്ടികൾക്ക് ലഭിക്കുന്ന സ്വമാനത്തെക്കാളും ഉയർന്ന സ്വമാനം മുഴുവൻ കല്പത്തിലും മറ്റൊരാൾക്കും പ്രാപ്തമാക്കുവാൻ സാധിക്കില്ല. എത്ര ഉയർന്ന സ്വമാനമാണെന്ന് അറിയാമോ? സ്വമാനത്തിന്റെ ലഹരി എത്ര ഉയർന്നതാണെന്ന് സ്മൃതിയിലുണ്ടോ? സ്വമാനത്തിന്റെ മാല വളരെ വലുതാണ്. ഓരോരോ മണിയും സ്മരിച്ചുകൊണ്ടിരിക്കൂ, സ്വമാനത്തിന്റെ ലഹരിയിൽ മുഴുകി സ്നേഹത്തിൽ ലയിക്കൂ. ഈ സ്വമാനങ്ങൾ ബാപ്ദാദയിലൂടെ ലഭിച്ചിട്ടുള്ളതാണ്. പരമാത്മാവിലൂടെ പ്രാപ്തമായ സ്വമാനങ്ങളാണ്. അതിനാൽ ഈ സ്വമാനത്തിന്റെ ആത്മീയ ലഹരിയെ ഇളക്കാനുള്ള അധികാരം മറ്റാർക്കുമില്ല. എന്തുകൊണ്ടെന്നാൽ സർവ്വശക്തനിലൂടെയാണ് ലഭിച്ചിരിക്കുന്നത്.

അപ്പോൾ ബാപ്ദാദ ഇന്ന് അമൃതവേളയിൽ മുഴുവൻ വിശ്വത്തിലുമുള്ള എല്ലാ കുട്ടികളെയും ചുറ്റിക്കറങ്ങി കണ്ടു, ഓരോ കുട്ടികളുടെയും സ്മൃതിയിൽ എത്ര സ്വമാനങ്ങളുടെ മാലയാണുള്ളത്. മാലയെ ധാരണ ചെയ്യുക അർത്ഥം സ്മൃതിയിലൂടെ ആ സ്ഥിതിയിൽ സ്ഥിതി ചെയ്യുക. അപ്പോൾ സ്വയത്തെ പരിശോധിക്കൂ, ഈ സ്മൃതിയുടെ സ്ഥിതി എത്രത്തോളമാണുള്ളത്? ബാപ്ദാദ കാണുന്നു, സ്വമാനത്തിന്റെ നിശ്ചയവും അതിന്റെ ആത്മീയ ലഹരിയും രണ്ടും എത്രത്തോളം ബാലൻസ് ആകുന്നുണ്ട്? നിശ്ചയമാണ് നോളേജ്ഫുള്ളാവുക എന്നത്, ആത്മീയ ലഹരിയാണ് ശക്തിശാലിയാവുന്നത്. അപ്പോൾ നോളേജ് ഫുള്ളിലും രണ്ടു പ്രകാരത്തിലുള്ളവരെ കണ്ടു - ഒന്ന് നോളേജ്ഫുൾ മറ്റേത് നോളേജ്ബുൾ(ജ്ഞാന സ്വരൂപം). അപ്പോൾ സ്വയത്തോട് ചോദിക്കണം, ഞാൻ ആരാണ്? ബാപ്ദാദയ്ക്ക് അറിയാം കുട്ടികളുടെ ലക്ഷ്യം വളരെ ഉയർന്നതാണ്. ലക്ഷ്യം ഉയർന്നതല്ലേ. എന്താണ് ലക്ഷ്യം? എല്ലാവരും പറയുന്നത് ബാബയ്ക്ക് സമാനമായി മാറണം എന്നാണ്. അപ്പോൾ എങ്ങനെയാണോ ബാബ ഉയർന്നതിലും ഉയർന്നത്, അതുപോലെ ബാബയ്ക്ക് സമാനമാകണമെന്നുള്ള ലക്ഷ്യവും എത്ര ഉയർന്നതാണ്. അപ്പോൾ ലക്ഷ്യത്തെ കണ്ട് ബാപ്ദാദ വളരെ സന്തോഷിക്കുന്നു. പക്ഷേ... പക്ഷേ എന്താണെന്ന് പറയട്ടെ. അത് ടീച്ചേഴ്സ് അഥവാ ഡബിൾ വിദേശികൾ പറയട്ടെ. മനസ്സിലായിട്ടുണ്ടാകും. ബാപ്ദാദ ലക്ഷ്യവും ലക്ഷണവും സമാനമായിക്കാണാനാണ് ആഗ്രഹിക്കുന്നത്. ഇപ്പോൾ സ്വയത്തോട് ചോദിക്കണം, ലക്ഷ്യവും ലക്ഷണവും അതായത് ഇതിന്റെ പ്രത്യക്ഷ സ്ഥിതി സമാനമാണോ? എന്തുകൊണ്ടെന്നാൽ ലക്ഷ്യവും ലക്ഷണവും സമാനമാകുന്നതാണ് ബാബയ്ക്ക് സമാനമാകുക. സമയത്തിനനുസരിച്ച് ഈ സമാനതയെ സമീപത്തേയ്ക്ക് കൊണ്ടു വരൂ.

വർത്തമാന സമയത്ത് ബാപ്ദാദയ്ക്ക് കുട്ടികളുടെ ഒരു കാര്യം കാണാൻ സാധിക്കില്ല. പല കുട്ടികളും ഭിന്ന-ഭിന്ന പ്രകാരത്തിൽ ബാബയ്ക്ക് സമാനമാകുന്നതിനായി പ്രയത്നിക്കുണ്ട്. യഥാർത്ഥത്തിൽ ബാബയുടെ പ്രേമത്തിനു മുന്നിൽ പ്രയത്നിക്കേണ്ടതായ ആവശ്യമില്ല. എവിടെ പ്രേമമുണ്ടോ അവിടെ പ്രയത്നമില്ല. തലകീഴായ സ്വഭാവം ദേഹാഭിമാനത്തിന്റെത് സ്വാഭാവികമായിത്തീർന്നു. ദേഹാഭിമാനത്തിലേക്ക് വരാൻ പ്രയത്നിക്കേണ്ടതായ ആവശ്യമുണ്ടോ? ഇതിനായി 63 ജന്മങ്ങൾ പുരുഷാർത്ഥം ചെയ്തോ? ഇത് സ്വഭാവമായി, സ്വാഭാവികമായി. ദേഹിയ്ക്കു പകരം അറിയാതെ ദേഹത്തിലേക്ക് വരുന്നു എന്ന് ഇപ്പോഴും ആരെല്ലാമാണോ പറയുന്നത്, എങ്ങനെയാണോ ദേഹാഭിമാനത്തിന്റെ സ്വഭാവം സ്വാഭാവികമാകുന്നത്, അതുപോലെ ദേഹി അഭിമാനി സ്ഥിതിയും സ്വാഭാവിക സ്വഭാവമാകണം. സ്വഭാവത്തെ മാറ്റാൻ ബുദ്ധിമുട്ടല്ലേ. ഇപ്പോഴും പലപ്പോഴായി പറയാറുണ്ടല്ലോ, എന്റെ ഭാവമിതല്ലായിരുന്നു, സ്വഭാവമായിപ്പോയി എന്ന്. അപ്പോൾ ആ സ്വഭാവത്തെയാണ് സ്വാഭാവികമാക്കിയത്. ബാബയ്ക്ക് സമാനമുള്ള സ്വഭാവത്തെ നാച്യുറലാക്കാൻ സാധിക്കില്ലേ. തലകീഴായ സ്വഭാവത്തിനു വശപ്പെടുന്നു, ബാബയ്ക്കു സമാനമുള്ള യഥാർത്ഥ സംസ്കാരത്തെ സ്വീകരിക്കാൻ എന്താണ് പ്രയത്നം? അപ്പോൾ ബാപ്ദാദ ഇപ്പോൾ എല്ലാ കുട്ടികളിലും ദേഹിഅഭിമാനിയായിരിക്കാനുള്ള സ്വഭാവമാണ് നാച്യുറലായി കാണാൻ ആഗ്രഹിക്കുന്നത്. ബ്രഹ്മാബാബയെ കണ്ടിട്ടുണ്ടോ നടക്കുമ്പോഴും കറങ്ങുമ്പോഴും എല്ലാ കാര്യങ്ങൾ ചെയ്തു കൊണ്ടും ദേഹിഅഭിമാനി സ്ഥിതി, സ്വാഭാവികമായും കാണപ്പെട്ടിരുന്നു.

ബാപ്ദാദ വാർത്തകൾ കേട്ടിരുന്നു, ഇന്നത്തെക്കാലത്ത് ദാദിമാർ വിശേഷിച്ചും ഈയൊരു ആത്മീയ സംഭാഷണമാണ് ചെയ്യുന്നത് - ഫരിസ്ത സ്ഥിതി, കർമ്മാതീത അവസ്ഥ, ബാപ്സമാന അവസ്ഥ സ്വാഭാവികമായും എങ്ങനെയുണ്ടാകും? ഇത് സ്വഭാവമായിത്തീരണം, ഈ ആത്മീയ സംഭാഷണമല്ലേ ചെയ്യുന്നത്. ദാദിയും ഇടയ്ക്കിടെ ഇതല്ലേ സ്മരിക്കുന്നത്, ഫരിസ്തയാകണം, കർമ്മാതീതമാകണം, ബാബയെ പ്രത്യക്ഷപ്പെടുത്തണം. അപ്പോൾ ഫരിസ്തയാകുന്നതിന്റെ നിരാകാരി കർമ്മാതീതമാകുന്നതിന്റെ

വിശേഷ സാധനയാണ് – നിരഹങ്കാരിയായിത്തീരുക. നിരഹങ്കാരിയായാൽ മാത്രമാണ് നിരാകാരിയാകുവാൻ സാധിക്കൂ. അതിനാണ് ബാബ ബ്രഹ്മാവിലൂടെ അവസാന മന്ത്രമായി നിരാകാരിയോടൊപ്പം നിരഹങ്കാരിയും പറഞ്ഞത്. കേവലം അവനവന്റെ ദേഹത്തിലും മറ്റുള്ളവരുടെ ദേഹത്തിലും കുടുങ്ങുന്നതിനെ മാത്രമല്ല ദേഹാഹങ്കാരം അഥവാ ദേഹാഭിമാനം എന്ന് പറയുന്നത്. സ്വയം തന്റെ ദേഹത്തിന്റെ ഭാരത്തിലോ മറ്റുള്ളവരുടെ ദേഹത്തിന്റെ ഭാരത്തിലോ അഥവാ മമത്വത്തിലോ പെട്ടുപോകാത്തതിൽ ഭൂരിപക്ഷം പേരും പാസ്സാണ്. ആരാണോ പുരുഷാർത്ഥത്തിന്റെ ലഹരിയിൽ മുഴുകിയിരിക്കുന്നത്, സത്യമായ പുരുഷാർത്ഥികൾ, അവർ ഈ സ്ഥൂല രൂപത്തിൽ നിന്നും ഉപരിയാണ്. എന്നാൽ ദേഹഭാരത്തിന്റെ സൂക്ഷ്മമായ അനേകം രൂപങ്ങൾ ഉണ്ട്. അതിന്റെ ലിസ്റ്റ് പരസ്പരം കണ്ടെത്തണം. ബാപ്ദാദ ഇന്ന് കേൾപ്പിക്കുന്നില്ല. ഇന്ന് ഇത്രയും സൂചന നൽകിയത് തന്നെ ധാരാളമാണ്, എന്തുകൊണ്ടെന്നാൽ എല്ലാവരും വിവേകശാലികളാണ്. താങ്കൾക്ക് എല്ലാവർക്കും അറിയാമല്ലോ, അഥവാ എല്ലാവരോടും ചോദിക്കുകയാണെങ്കിൽ, എല്ലാവരും വളരെ സമർത്ഥതയോടെ കേൾപ്പിക്കും. എന്നാൽ ബാപ്ദാദ എല്ലാവർക്കും വളരെ ചെറിയൊരു സഹജ പുരുഷാർത്ഥമാണ് കേൾപ്പിക്കുന്നത്. സദാ മനസാ വാചാ കർമ്മണാ, സംബന്ധ സമ്പർക്കത്തിൽ അവസാന മൂന്നു മന്ത്രങ്ങൾ (നിരാകാരി, നിരഹങ്കാരി, നിർവ്വികാരി) എന്നുള്ളത് സദാ സ്മൃതിയിൽ വെക്കണം. ഇത് സങ്കല്പിക്കുമ്പോൾ പരിശോധിക്കുകയും ചെയ്യൂ, മഹാമന്ത്രം സമ്പന്നമാണോ? അതുപോലെ വാക്കുകളിലും കർമ്മത്തിലും കേവലം ഈ മൂന്നു വാക്കുകൾ ഓർമ്മിക്കൂ, സമാനത കൊണ്ടുവരൂ. ഇത് സഹജമല്ലേ? മുഴുവൻ മുരളിയും ഓർമ്മിക്കാൻ പറയുന്നില്ല, കേവലം ഈ മൂന്ന് വാക്കുകൾ. ഈ മഹാമന്ത്രം സങ്കല്പത്തെ പോലും ശ്രേഷ്ഠമാക്കുന്നു. വാക്കുകളിൽ വിനയം കൊണ്ടു വരുന്നു. കർമ്മത്തിൽ സേവാഭാവം കൊണ്ടു വരുന്നു. സംബന്ധ സമ്പർക്കത്തിൽ സദാ ശുഭഭാവനയുടെയും ശ്രേഷ്ഠ കാമനയുടെയും വൃത്തി നൽകുന്നു.

ബാപ്ദാദ സേവനത്തിന്റെ വാർത്തകളും കേൾക്കുന്നു. സേവനത്തിൽ ഇന്നത്തെക്കാലത്ത് ഭിന്ന-ഭിന്ന രീതിയിൽ കോഴ്സ് എടുക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ ഒരു കോഴ്സ് അവശേഷിക്കുന്നുണ്ട്. അതാണ് ഓരോ ആത്മാക്കൾക്കും എന്ത് ശക്തയാണോ ആവശ്യമായത്, ആ ഫോഴ്സിന്റെ കോഴ്സ് എടുക്കണം. വാക്കുകളിലൂടെ കേൾപ്പിക്കേണ്ടതായ കോഴ്സല്ല, ശക്തി നിറയ്ക്കുന്നതിനുള്ള കോഴ്സ്. വാണിയിലൂടെ ശക്തി നിറയ്ക്കാനുള്ള കോഴുസും കൂടി എടുക്കണം. ഇതിലൂടെ നല്ലത്-നല്ലത് എന്ന് പറയുക മാത്രമല്ല, നല്ലതായിത്തീരുകയും വേണം. എനിക്ക് ഇന്ന ശക്തിയുടെ അനുഭൂതി ലഭിച്ചു എന്ന് അവർ വർണ്ണിക്കണം. ശക്തിയുടെ ചെറിയ തുള്ളിയെങ്കിലും ലഭിക്കുകയാണെങ്കിൽ അങ്ങനെയുള്ളവർക്ക് ധാരാളമാണ്. കോഴ്സ് എടുക്കണം, എന്നാൽ ആദ്യം സ്വയം അവനവന് എടുത്ത് പിന്നീട് പറഞ്ഞു കൊടുക്കൂ. അപ്പോൾ ബാപ്ദാദ എന്താണ് ആഗ്രഹിക്കുന്നതെന്ന് കേട്ടില്ലേ? ലക്ഷ്യത്തെയും ലക്ഷണത്തെയും സമാനമാക്കി മാറ്റണം. എല്ലാവരുടെയും ലക്ഷ്യം കണ്ട് ബാപ്ദാദ വളരെയധികം സന്തോഷിക്കുന്നു. ഇപ്പോൾ കേവലം സമാനമാകണം. അങ്ങനെയെങ്കിൽ വളരെ സഹജമായി ബാബയ്ക്ക് സമാനമാകണം.

ബാപ്ദാദ കുട്ടികളെ സമാന അവസ്ഥയെക്കാളും ഉയർന്നതായി, അവനവനെക്കാളും ഉയർന്നതായാണ് കാണുന്നത്. സദാ ബാപ്ദാദ കുട്ടികളെ ശിരസ്സിലെ കിരീടം എന്നാണ് പറയുന്നത്. കിരീടം അർത്ഥം ശിരസ്സിനേക്കാളും ഉയർന്നതല്ലേ ! ടീച്ചർമാർ – ശിരസ്സിലെ കിരീടമല്ലേ?

ടീച്ചേഴ്സിനോട് – നോക്കൂ, എത്ര ടീച്ചർമാരാണ്. ഒരു ഗ്രൂപ്പിൽ തന്നെ ഇത്രയും ടീച്ചേഴ്സാണെങ്കിൽ ഓരോ ഗ്രൂപ്പിലും എത്ര ടീച്ചർമാരാണ് ഉണ്ടാകുക. ടീച്ചർമാർ ബാപ്ദാദയുടെ ഒരു ആശ പൂർത്തീകരിക്കുന്നതിന്റെ സങ്കല്പം വെച്ചിട്ടുണ്ട്, എന്നാൽ അത് മുന്നിലേക്ക് കൊണ്ടു വന്നിട്ടില്ല. ഏതാണെന്നറിയുമോ? ഒന്ന് ബാപ്ദാദ പറഞ്ഞിരുന്നു, ഇപ്പോൾ അവകാശികളുടെ മാല തയ്യാറാക്കൂ. അവകാശികളുടെ മാലയാണ്, സാധാരണ മാലയല്ല. രണ്ടാമത് – സംബന്ധസമ്പർക്കത്തിലുള്ളവരെ മൈക്കാക്കി മാറ്റൂ. താങ്കൾ പ്രഭാഷണം ചെയ്യേണ്ട ആവശ്യമില്ല, എന്നാൽ അവർ താങ്കളുടെ ഭാഗത്തു നിന്നുമുള്ള മീഡിയയായിത്തീരണം. തന്റെ മീഡിയ ടീം ഉണ്ടാക്കൂ. മീഡിയയിലുള്ളവർ എന്താണ് ചെയ്യുക? നല്ലതും തലകീഴായതുമായ വാർത്തകൾ ഉണ്ടാക്കാറില്ലേ. അപ്പോൾ മൈക്കുകളെ ഈ രീതിയിൽ തയ്യാറാക്കൂ, ഇതിലൂടെ മീഡിയയ്ക്കു സമാനം പ്രത്യക്ഷതയുടെ ശബ്ദം വ്യാപിപ്പിക്കണം. താങ്കൾ ഭഗവാൻ വന്നു, ഭഗവാൻ വന്നു കഴിഞ്ഞു... എന്ന് പറയുന്നത് മറ്റുള്ളവർക്ക് സാധാരണയായി തോന്നുന്നു. എന്നാൽ താങ്കളുടെ ഭാഗത്തു നിന്നും മറ്റുള്ളവർ, അധോറിറ്റിയോടെ പറയുകയാണെങ്കിൽ, അവർ എടുക്കുന്നു. ആദ്യം താങ്കൾ കുട്ടികൾക്ക് ശക്തികളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടണം. എപ്പോഴാണോ ശക്തികൾ പ്രത്യക്ഷപ്പെടുന്നത്, അപ്പോൾ ബാബ പ്രത്യക്ഷമാകുന്നു. അപ്പോൾ മീഡിയ തയ്യാറാകണം. നോക്കാം, തയ്യാറാക്കിയോ? ആരാണോ തയ്യാറാക്കിയത്, അവർ കൈകൾ ഉയർത്തൂ... ബാപ്ദാദ നോക്കുന്നു, ആരാണോ തയ്യാറാക്കിയത്, അവർ വളരെ നല്ല ധൈര്യം വെച്ചിട്ടുണ്ട്. ടീച്ചേഴ്സ് എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് കേട്ടില്ലേ. ശിവരാത്രിയ്ക്ക് അവകാശി ക്വാളിറ്റിയെ തയ്യാറാക്കണം. മൈക്കുകളെ

തയ്യാറാക്കണം. എന്നാൽ മാത്രമേ അടുത്ത വർഷത്തിലെ ശിവരാത്രിയിൽ, എല്ലാവരുടെ വായിൽ നിന്നും ശിവബാബ വന്നു കഴിഞ്ഞു എന്ന ശബ്ദം വ്യാപിക്കൂ. ഇങ്ങനെയുള്ള ശിവരാത്രി ആഘോഷിക്കൂ, പ്രോഗ്രാം വളരെ നല്ല രീതിയിൽ ഉണ്ടാക്കിയിട്ടുണ്ട്. എല്ലാവർക്കും പ്രോഗ്രാം അയച്ചുകൊടുത്തില്ലേ. പ്രോഗ്രാം വളരെ ശരിയായാണ് ഉണ്ടാക്കിയിരിക്കുന്നത്, ഇനി ഓരോ പ്രോഗ്രാമിലൂടെയും മൈക്കുകൾ തയ്യാറാകണം. ചില അവകാശികളും തയ്യാറാകണം. ഇതിനായുള്ള പുരുഷാർത്ഥം ചെയ്യൂ, പ്രഭാഷണം ചെയ്തു, പോയി ഇങ്ങനെയായിരിക്കരുത്. ഇപ്പോൾ 66 വർഷങ്ങളായില്ലേ, 50 വർഷം സേവനത്തിന്റെയും ആഘോഷിച്ചു. ഇപ്പോൾ ശിവരാത്രിയുടെ ഡയമണ്ട് ജൂബിലി ആഘോഷിക്കൂ. ഈ രണ്ട് പ്രകാരത്തിലുള്ള ആത്മാക്കളെയും തയ്യാറാക്കണം, പിന്നീട്നോക്കൂ പെരുമ്പറ മുഴങ്ങുന്നുണ്ടോ എന്ന്. നിങ്ങളല്ല പെരുമ്പറ മുഴക്കേണ്ടത്. താങ്കൾ ദേവിമാർ സാക്ഷാത്കാരം ചെയ്യിക്കുന്നു. പെരുമ്പറ മുഴക്കുന്നവരെ തയ്യാറാക്കണം. അവർ പ്രത്യക്ഷത്തിൽ ഈ പാട്ട് പാടണം, ശിവശക്തികൾ വന്നു കഴിഞ്ഞു... ശിവരാത്രിയിൽ എന്തു ചെയ്യണമെന്ന് കേട്ടോ? വെറുതെ പോയി പ്രഭാഷണം ചെയ്ത് പൂർത്തിയാക്കരുത്. എന്നിട്ട് ബാബയ്ക്ക് എഴുതും – ബാബാ 500–1000 ലക്ഷം വരെ ആളുകൾ വന്നിരുന്നു, സന്ദേശം നൽകി, എന്നാൽ എത്ര പേരാണ് അവകാശികളായി വന്നത്. മൈക്കുകൾ എത്രയുണ്ടായി എന്ന വാർത്തകൾ നൽകണം. എന്താണോ ഇപ്പോൾ വരെ ചെയ്തത്, ഭൂമി തയ്യാറാക്കി, സന്ദേശം നൽകി, ബാബ ഈ സേവനം വളരെ നല്ലതെന്നേ പറയൂ, ഈ സേവനം വ്യർത്ഥമായില്ലല്ലോ, സമർത്ഥമായി. പ്രജകളെ തയ്യാറാക്കി. രാജകീയ പരിവാരത്തെയും തയ്യാറാക്കി, എന്നാൽ രാജാവും റാണിയും ആവശ്യമല്ലേ. സിംഹാസനധാരിയായ രാജാ–റാണിയല്ല, രാജാറാണിയോടൊപ്പം അവിടെ രാജസഭയിൽ രാജാവിനെപ്പോലുള്ളവർ ഇരിക്കുന്നുണ്ടല്ലോ, അങ്ങനെയുള്ളവരെയും തയ്യാറാക്കണം. രാജസഭ ശോഭനീയമായിരിക്കണം. ശിവരാത്രിയിൽ എന്ത് ചെയ്യണമെന്ന് മനസ്സിലായോ? പാണ്ഡവർ കേൾക്കുന്നുണ്ടല്ലോ. കൈകൾ ഉയർത്തൂ. ശ്രദ്ധിച്ചല്ലോ. ശരി, വലിയ–വലിയ മഹാരഥികൾ ഇരിക്കുന്നുണ്ട്. ബാപ്ദാദ സന്തോഷിക്കുന്നു. ഇതും ഹൃദയത്തിൽ നിന്നുമുള്ള സ്നേഹമാണ്, എന്തുകൊണ്ടെന്നാൽ താങ്കളെല്ലാവരുടെയും സങ്കല്പമുണ്ടല്ലോ.. എപ്പോൾ പ്രത്യക്ഷതയുണ്ടാകുമെന്നുള്ളത്? അത് ബാപ്ദാദ കേട്ടുകൊണ്ടിരിക്കുന്നുണ്ട്. മധുബൻ നിവാസികൾ എന്താണ് കേട്ടത്? മധുബൻ നിവാസികൾ കേട്ടില്ലേ? മധുബൻ, ജ്ഞാനസരോവരം, ശാന്തിവൻ, എല്ലാവരും മധുബൻ നിവാസികളാണ്. ശരി.

ശരി, മധുബനിൽ നിന്നാണോ പെരുമ്പറ മുഴങ്ങേണ്ടത്, എവിടെ നിന്നും മുഴങ്ങും? (ദില്ലിയിൽ നിന്നും) മധുബനിൽ നിന്നല്ലേ? പറയൂ, നാനാവശത്തു നിന്നുമെന്ന്. ഒരു വശത്തു നിന്നു മാത്രം മുഴങ്ങില്ലല്ലോ. മധുബനിൽ നിന്നും മുഴങ്ങും അതുപോലെ നാനാവശത്തു നിന്നും മുഴങ്ങുന്നതാണ്, എന്നാൽ മാത്രമേ കുംഭകർണ്ണന്മാർ എഴുന്നേൽക്കൂ. ഏതുപോലെയാണോ മധുബൻ നിവാസികൾ സേവനത്തിന്റെ അക്ഷീണ പാർട്ട് അഭിനയിക്കുന്നത്, അതേപോലെ മനസാസേവനവും ചെയ്തുകൊണ്ടിരിക്കൂ. കേവലം കർമ്മണാ സേവനമല്ല, മനസാ, വാചാ, കർമ്മണാ, ഈ മൂന്നു സേവനം ചെയ്യുന്നുമുണ്ട്, ഇനി കൂടുതൽ ചെയ്യണം. മധുബനിലുള്ളവരെ മറന്നിട്ടില്ല. മധുബനിലുള്ളവർ ചിന്തിക്കുന്നുണ്ടാകും, ബാപ്ദാദ വരുന്നത്, മധുബനിലാണ് എന്നിട്ടും മധുബന്റെ പേര് എടുക്കുന്നില്ലല്ലോ... മധുബൻ സദാ ഓർമ്മയുണ്ട്. മധുബനില്ലെങ്കിൽ, ഇവിടെ എങ്ങോട്ട് വരാനാണ്. താങ്കൾ മധുബൻ സേവാധാരികൾ സേവനം ചെയ്യുന്നില്ലെങ്കിൽ ഇവർ കഴിക്കുന്നതും, വസിക്കുന്നതും എങ്ങനെയാണ്. അപ്പോൾ മധുബനിലുള്ളവരെ ബാപ്ദാദ ഹൃദയത്തിൽ നിന്നുമാണ് ഓർമ്മിക്കുന്നത്. ഹൃദയത്തിൽ നിന്നുമുള്ള ആശീർവ്വാദങ്ങൾ നൽകുന്നു. ശരി. മധുബനോടും സ്നേഹമുണ്ട്, ടീച്ചേഴ്സിനോടും സ്നേഹം, മധുരമധുരമായ മാതാക്കളോടും സ്നേഹം അതിനോടൊപ്പം മഹാവീരന്മാരായ പാണ്ഡവരോടും സ്നേഹം. പാണ്ഡവർ കൂടാതെയും ഗതിയില്ലല്ലോ. അതിനാലാണ് ചതുർഭുജ രൂപത്തിലുള്ള മഹിമ കൂടുതലുള്ളത്. പാണ്ഡവരുടെയും ശക്തികളുടെയും രണ്ടു കൂട്ടരുടെയും കമ്പയിന്റ് രൂപമാണ് വിഷ്ണു ചതുർഭുജം. ശരി.

മധുബനിലുള്ള പാണ്ഡവർക്കും ലഹരിയുണ്ടല്ലോ? വിജയത്തിന്റെ ലഹരി, മറ്റു ലഹരിയില്ലല്ലോ? നല്ലതാണ്, പാണ്ഡവഭവനിൽ ഭൂരിപക്ഷവും പാണ്ഡവരാണ്. പാണ്ഡവരില്ലെങ്കിൽ താങ്കൾക്കാർക്കും മധുബനിൽ ആനന്ദമുണ്ടാകില്ല. അതിനാൽ താങ്കളെല്ലാവരെയും ആനന്ദിപ്പിക്കുന്ന, കഴിപ്പിക്കുന്ന, താങ്കളെല്ലാവരെയും സന്തോഷിപ്പിക്കുന്ന മധുബൻ നിവാസികൾക്ക് അഭിനന്ദനങ്ങൾ. ഇന്ന് ബാപ്ദാദയ്ക്ക് മധുബൻ നിവാസികളെ അമൃതവേള മുതൽക്ക് ഓർമ്മ വരുന്നുണ്ടായിരുന്നു. അത് ഇവിടെ ഇരിക്കുന്നവരാണെങ്കിലും, മുകളിൽ വസിക്കുന്നവരാണെങ്കിലും മധുബനിലുള്ളവർ ഇവിടെ ഡ്യൂട്ടിയിലുള്ളവരാണെങ്കിലും, നാനാവശത്തുമുള്ള മധുബൻ നിവാസികളെയും ബാപ്ദാദ അമൃതവേള മുതൽക്ക് സ്മരിക്കുകയായിരുന്നു. നല്ലത്.

ബാപ്ദാദ നൽകിയിട്ടുള്ള ആത്മീയ ഡ്രിൽ ഒരു ദിവസം എത്ര തവണയാണ് ചെയ്യുന്നത്? എത്ര സമയത്തിനുള്ളിൽ ചെയ്യുന്നു? നിരാകാരിയും ഫരിസ്തയും. ബാബയും ദാദയും. ഇപ്പോൾ ഇപ്പോൾ നിരാകാരി, ഇപ്പോൾ ഇപ്പോൾ ഫരിസ്ത സ്വരൂപം. രണ്ടിലും ദേഹഭാരമില്ല. അപ്പോൾ ദേഹഭാരത്തിൽ

നിന്നും ഉപരി പോകണമെങ്കിൽ, ഈ ആത്മീയ വ്യായാമം കർമ്മം ചെയ്തുകൊണ്ടും തന്റെ ഡ്യൂട്ടി നിറവേറ്റിക്കൊണ്ടും ഒരു സെക്കന്റിൽ അഭ്യാസം ചെയ്യാൻ സാധിക്കുന്നു. ഇത് ഒരു സ്വാഭാവിക അഭ്യാസമായിരിക്കണം – ഇപ്പോൾ ഇപ്പോൾ നിരാകാരി, ഇപ്പോൾ ഇപ്പോൾ ഫരിസ്ത. ശരി. (ബാപ്ദാദ ഡ്രിൽ ചെയ്യിച്ചു).

ഇതുപോലെ നിരന്തരമായി ഭവിയ്ക്കട്ടെ ! നാനാവശത്തെയും ബാപ്ദാദയുടെ ഓർമ്മയിൽ മുഴുകിയിരിക്കുന്ന ബാബയ്ക്ക് സമാനമാകുന്നതിന്റെ ലക്ഷ്യത്തെയും ലക്ഷണത്തെയും സമാനമാക്കി മാറ്റുന്ന, ആരാണോ കോണു–കോണുകളിൽ സയൻസിന്റെ സാധനങ്ങളാൽ രാവും പകലും ഉണർന്നിരുന്നു കൊണ്ട് മിലനം ആഘോഷിക്കുന്നത്, അങ്ങനെയുള്ള കുട്ടികൾക്കും ബാപ്ദാദ സ്നേഹസ്മരണകളും ആശംസകളും ഹൃദയത്തിൽ നിന്നമുള്ള ആശീർവ്വാദങ്ങളും നൽകുന്നു. ബാപ്ദാദയ്ക്കറിയാം എല്ലാവരുടെയും ഹൃദയത്തിൽ ഈ സമയം ഹൃദയേശ്വരനായ ബാബയുടെ ഓർമ്മ മുഴുകിയിട്ടുണ്ട്. കോണു–കോണുകളിലിരിക്കുന്ന ഓരോ കുട്ടികൾക്കും ബാപ്ദാദ തന്റെ വ്യക്തിപരമായ പേരിൽ സ്നേഹസ്മരണകൾ നൽകുന്നു. പേരുകളുടെ നാമങ്ങൾ ജപിക്കുകയാണെങ്കിൽ രാത്രി മുഴുവനും വേണ്ടി വരും. ബാപ്ദാദ എല്ലാ കുട്ടികൾക്കും സ്മരണകൾ നൽകുന്നു. പുരുഷാർത്ഥത്തിൽ ഏത് നമ്പറിലുള്ള കുട്ടികളാണെങ്കിലും ബാപ്ദാദ സദാ കുട്ടികളുടെ ശ്രേഷ്ഠ സ്വമാനത്തിന്റെ സ്നേഹ സ്മരണകളും നമസ്തെയും നൽകുന്നു. സ്നേഹസ്മരണകൾ നൽകുന്ന സമയത്ത് ബാപ്ദാദയ്ക്കു മുന്നിൽ നാനാവശത്തെയും ഓരോ കുട്ടികളും ഓർമ്മയുണ്ട്. ഏതെങ്കിലും ഒരു കുട്ടി, ഏതെങ്കിലും ഒരു കോണിലോ, ഗ്രാമത്തിലോ, പട്ടണത്തിലോ, ദേശത്തിലോ, വിദേശത്തിലോ, എവിടെയാണെങ്കിലും ബാപ്ദാദ അവരുടെ സ്വമാനത്തെ സ്മൃതിയുണർത്തിക്കൊണ്ട്, സ്നേഹ സ്മരണകൾ നൽകുന്നു. എല്ലാവരും സ്നേഹസ്മരണകളുടെ അധികാരികളാണ്. എന്തുകൊണ്ടെന്നാൽ ബാബാ എന്നു പറഞ്ഞു അർത്ഥം സ്നേഹ സ്മരണകളുടെ അധികാരികളായി. താങ്കൾ സന്മുഖത്തുള്ളവരെയും ബാപ്ദാദ സ്വമാനത്തിന്റെ മാലാധാരി സ്വരൂപത്തിലാണ് കാണുന്നത്. എല്ലാവർക്കും ബാപ്സമാൻ സ്വമാന സ്വരൂപത്തിൽ സ്നേഹ സ്മരണകളും നമസ്തെയും.

ദാദിജിയോട് – എല്ലാം ശരിയായില്ലേ, ഇപ്പോൾ വേറെ അസുഖമൊന്നുമില്ലല്ലോ. എല്ലാ അസുഖവും ഓടിപ്പോയി. അത് കേവലം കാണിക്കാൻ വേണ്ടി വന്നതാണ്, നമ്മുടെ പക്കലും വരുന്നുണ്ടെന്ന് എല്ലാവരും അറിയണമല്ലോ.. ഇത് വലിയ കര്യമൊന്നുമല്ല.

എല്ലാ ദാദിമാരും വളരെ നല്ല പാർട്ടാണ് അഭിനയിക്കുന്നത്. ബാപ്ദാദ എല്ലാവരുടെയും പാർട്ട് കണ്ട് സന്തോഷിക്കുന്നു. (നിർമ്മൽശാന്ത ദാദിയോട്) ആദി രത്നമല്ലേ. അനാദി രൂപത്തിലും നിരാകാരനായ ബാബയ്ക്ക് സമീപത്താണ്, കൂടെ വസിക്കുന്നു, ആദി രൂപത്തിലും രാജസഭയിൽ കൂടെ വസിക്കുന്നു, സദാ രാജകീയ പരിവാരത്തിലെ റോയൽ വ്യക്തി. സംഗമത്തിലും ആദി രത്നമാകുന്നതിനുള്ള വിശേഷ ഭാഗ്യം ലഭിച്ചു. അപ്പോൾ വളരെ വലിയ ഭാഗ്യമാണ്, ഭാഗ്യമുണ്ടല്ലോ? താങ്കളുടെ ഹാജർ തന്നെ സർവ്വർക്കും വരദാനമാണ്. ഒന്നും പറഞ്ഞില്ലെങ്കിൽ പോലും ഒന്നും ചെയ്തില്ലെങ്കിൽ പോലും താങ്കളുടെ സാന്നിദ്ധ്യം തന്നെ വരദാനമാണ്. ശരി. ഓംശാന്തി.

## വരദാനം – ലൗകിക അലൗകിക ജീവിതത്തിൽ സദാ നിർമ്മോഹിയായി പരമാത്മ കൂട്ടുകെട്ടിന്റെ അനുഭവത്തിലൂടെ നഷ്ടോമോഹായായി ഭവിയ്ക്കട്ടെ.

സദാ നിർമ്മോഹിയാകുന്നതിന്റെ അടയാളമാണ്, പ്രഭു പ്രേമത്തിന്റെ അനുഭൂതി, എത്രത്തോളം സ്നേഹിയാണോ അത്രയും കൂട്ട് നിറവേറ്റുന്നു, വേറെയിരിക്കില്ല. കൂട്ട് നിറവേറ്റുന്നതിനെയാണ് സ്നേഹമെന്ന് പറയുന്നത്. ബാബ കൂടെയുണ്ടെങ്കിൽ എല്ലാ ഭാരങ്ങളും ബാബയ്ക്ക് നൽകിക്കൊണ്ട്, സ്വയം ഭാരരഹിതമാകൂ, ഇതാണ് നഷ്ടോമോഹയാകുവാനുള്ള വിധി. എന്നാൽ പുരുഷാർത്ഥത്തിന്റെ വിഷയത്തിൽ സദാ എന്ന വാക്ക് അടിവരയിടൂ. ലൗകിക അലൗകിക ജീവിതത്തിൽ സദാ നിർമ്മോഹിയായിരിക്കൂ, അപ്പോൾ സദാ കൂട്ടിന്റെ അനുഭവമുണ്ടാകുന്നു.

## സ്ലോഗൻ – വികാരങ്ങളാകുന്ന പാമ്പുകളെ തന്റെ ശയ്യയാക്കി മാറ്റൂ എന്നാൽ സഹജയോഗിയായിത്തീരുന്നു